**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **12-07-2022 - ൽ മറുപടിയ്ക്ക്**

**പൊൻകുന്നം സബ്ഡിവിഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ പൊൻകുന്നത്തെ സബ്ഡിവിഷൻ കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നിലവിൽ പൊൻകുന്നം സബ് ഡിവിഷൻ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എന്ന് വ്യക്തമാക്കാമോ; | (ബി) | വാട്ടർ അതോറിറ്റിയുടെ പൊൻകുന്നം സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ച് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പൊൻകുന്നം സബ് ഡിവിഷൻ ഓഫീസ് കൂടി പ്രവർത്തിക്കത്തക്ക രീതിയിൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്ലാനും 72 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | പ്ലാൻ write up പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ അതോറിറ്റിയുടെ നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള അനുമതിയാണ് ഉള്ളത്. പുതിയ കെട്ടിടം പണിയുന്നതിനുള്ള അനുമതി ഇല്ല.<br><br>കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം എന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 500 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 457.70 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് ഇതിനോടൊകം ഭരണാനുമതി നല്കിക്കഴിഞ്ഞു. വാട്ടർ അതോറിറ്റിയുടെ പൊൻകുന്നം സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ച് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പൊൻകുന്നം സബ് ഡിവിഷൻ ഓഫീസ് കൂടി പ്രവർത്തിക്കത്തക്ക രീതിയിൽ പുതിയ കെട്ടിടം പണിയുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ ഘടനാപരമായ സ്ഥിരത ഉറപ്പു വരുത്തി കെട്ടിടം നവീകരിച്ചു എടുക്കുവാൻ സാധിക്കുന്നത് ആണെങ്കിൽ ആ |

| | | | |
|---|---|---|---|
| | | | രീതിയിൽ തുടർ നടപടികൾ സ്വീകരിച്ച് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ